**പതിനാലാം കേരള നിയമസഭ**
**പതിനാൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 680 04.03.2020-ൽ മറുപടിക്ക്

## ഗോത്രബന്ധു പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**,, സി. കെ. ശശീന്ദ്രൻ**<br>**,, പി.വി. അൻവർ**<br>**,, ബി.ഡി. ദേവസ്സി :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ വിദ്യാലയങ്ങളിൽ നിന്ന് പഠനം നിർത്തി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠനമാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് ഇത്തരം കൊഴിഞ്ഞു പോക്കിന് പ്രധാന കാരണമാകുന്നതെന്ന് പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ടോ; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിനിമയ ഭാഷയിൽ നിന്നും പഠനമാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൊഴിഞ്ഞ് പോക്കിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| സി) | ഇത് പരിഹരിക്കുന്നതിന് ഗോത്രഭാഷ അറിയുന്ന പട്ടികവർഗ്ഗവിഭാഗക്കാരായ അദ്ധ്യാപകരെ എൽ.പി.സ്കൂളുകളിൽ നിയോഗിക്കുന്നതിന് ഗോത്രബന്ധു എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | സി) | ഉണ്ട്. വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2017-18 വർഷം മുതലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലുമായി 26 മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) പട്ടികവർഗ്ഗക്കാർ കൂടുതലായുള്ള മേഖലയിൽ 30 സർക്കാർ/എയ്ഡഡ് |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലും മലപ്പുറം ജില്ലയിലെ 29 സ്കൂളുകളിലും ഗോത്രബന്ധു നടപ്പിലാക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |
| ഡി) | ഈ പദ്ധതി നടപ്പാക്കിയതിലൂടെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് എത്രമാത്രം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും പദ്ധതി കൂടുതൽ പട്ടികവർഗ്ഗമേഖല കളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | ഡി) | വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം 241 മെന്റർ ടീച്ചർമാരെ നിയമിച്ചു. ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയതിൽ നിന്നും 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സാധിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**